# 'നന്നായിതുടങ്ങിയത്.... ദുരന്തത്തിലേക്കോ?'

### 1 ശമുവേൽ 9:16

''നാളെ ഇന്നേരത്തു ബെന്യാമീൻ ദേശക്കാരനായ ഒരാളെ ഞാൻ നിന്റെ അടുക്കൽ അയക്കും; എന്റെ ജനമായ യിസ്രായേലിനെ ഭരിക്കേണ്ടതിന്നു നീ അവനെ അഭിഷേകം ചെയ്യേണം; അവൻ എന്റെ ജനത്തെ ഫെലിസ്ത്യരുടെ കയ്യിൽ നിന്നു രക്ഷിക്കും. എന്റെ ജനത്തിന്റെ നിലവിളി എന്റെ അടുക്കൽ എത്തിയിരിക്കകൊണ്ടു ഞാൻ അവരെ കടാക്ഷിച്ചിരിക്കുന്നു എന്നു അരുളിച്ചെയ്തിരുന്നു''.

1ശമു 9:16–ൽ വായിക്കുന്നു ''ദൈവം ശമുവേലിനോട് പറഞ്ഞു ''നാളെ ഈ നേരത്ത് ബെന്യാമീൻ ദേശക്കാരനായ ഒരാളെ ഞാൻ നിന്റെ അടുക്കൽ അയയ്ക്കും. എന്റെ ജന മായ യിസ്രായേലിനെ ഭരിക്കേണ്ടതിന് നീ അവനെ അഭിഷേകം ചെയ്യണം.''

ശമുവേൽ ശൗലിനെ കണ്ടപ്പോൾ ദൈവം പറഞ്ഞു ''ഞാൻ നിന്നോട് അരുളിചെയ്ത ആൾ ഇവനാകുന്നു.'' തുടർന്ന് ശൗലിനോട് ശമുവേൽ സംസാരിച്ചു. അതിനുശേഷം ''തൈല പാത്രം എടുത്ത് അവന്റെ തലയിലൊഴിച്ചു ഇപ്രകാരം പറഞ്ഞു: ''യഹോവ തന്റെ അവകാശ ത്തിനു പ്രഭുവായി നിന്നെ അഭിഷേകം ചെയ്തിരിക്കുന്നു'' (1ശമു 10:1). ശൗൽ ആകെ സ്തഭധനായി കാരണം അവനൊരു സാധാരണ മനുഷ്യനായിരുന്നതിനാൽ ഇതൊന്നും പ്രതീക്ഷിച്ചിരുന്നതല്ല.

ദൈവം അവനെ തിരഞ്ഞെടുത്തു എന്നതുതന്നെ സൂചിപ്പിക്കുന്നത് അവനിൽ ദൈവം കണ്ട നല്ല ഗുണങ്ങളെയാണ്. ശമുവേൽ അവനോട് പറഞ്ഞു ''യഹോവയുടെ ആത്മാവ് ശക്തി യോടെ നിന്റെമേൽ വന്നിട്ട് നീയും അവരോടുകൂടെ പ്രവചിക്കുകയും ആൾ മാറിയതു പോലെ ആയിത്തീരുകയും ചെയ്യും.'' ആത്മനിറവ് ഒരു വ്യക്തിയിൽ ഉണ്ടാകുമ്പോൾ വരുന്ന മാറ്റത്തെക്കുറിച്ച് ഈ വചനം വ്യക്തമായി പറഞ്ഞു വയ്ക്കുന്നു. ആ വ്യക്തി മറ്റൊരാളായിത്തീരുന്നു.

ശൗലിന്റെ സ്വഭാവഗുണങ്ങൾ ശ്രദ്ധിക്കേണ്ടതാണ്:

1. തന്റെ ജോലി വിശ്വസ്തതയോടും സമ്പൂർണ്ണമായും ചെയ്തിരുന്നു. (1ശമു.9:3)
2. അവൻ ജ്ഞാനമുള്ളവനായിരുന്നു. 1ശമു 9:5 നാം അവൻ തന്റെ ദാസന്മാരോട് ഇങ്ങനെ പറഞ്ഞതായി വായിക്കുന്നു.... ''വരിക, നമുക്ക് തിരിച്ചു പോകാം. അല്ലെങ്കിൽ പിതാവ് കഴുതകളെപ്പറ്റിയുള്ള ചിന്തവിട്ട് നമ്മെപ്പറ്റി ആകുലചിത്തനാകും.

3. ദൈവഭൃത്യന്മാരെ എങ്ങനെ ബഹുമാനിക്കണമെന്ന് അവൻ അറിഞ്ഞിരുന്നു. (1ശമു 9:7)

4. അവൻ തന്നെക്കുറിച്ചു തന്നെ എളിയ ചിന്തയുള്ളവനായിരുന്നു. (1ശമു 9:21)

5. അവൻ ആത്മപ്രശംസ നടത്തിയില്ല. (1ശമു. 10:15–16)

6. മറഞ്ഞിരിക്കുവാൻ ആഗ്രഹിച്ച മനുഷ്യനായിരുന്നു ശൗൽ (1ശമു 10:22)

7. നിന്ദ സഹിക്കുവാൻ തയ്യാറുള്ളവനായിരുന്നു. (1ശമു 10:27)

8. ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കാൻ എരിവുള്ളവനായിരുന്നു. (1ശമു 11:1–7)

9. അവൻ ധൈര്യമുള്ളവനായിരുന്നു. അവൻ ധൈര്യത്തോടെ ചെന്ന് അമ്മോന്യരെ നേരിടുകയും യിസ്രായേലിനെ രക്ഷിക്കുകയും ചെയ്തു.

10. തന്റെ ശത്രുക്കളോട് അവൻ ക്ഷമിച്ചു. (1ശമു 11:12–13)

എന്നാൽ മേൽപ്പറഞ്ഞ ഗുണങ്ങളും തിരഞ്ഞെടുപ്പും ഒക്കെ ഉണ്ടായിരുന്നിട്ടും ചില വർഷങ്ങൾക്കുള്ളിൽ അവന് ദൈവത്തോടുള്ള ബന്ധത്തിൽ വിള്ളലുണ്ടായതായി നാം കാണുന്നു... ആത്മാവിന്റെ അഭിഷേകം നഷ്ടപ്പെടുത്തി....താഴ്മ ഇല്ലാതെയായി... സ്വഭാവ മഹിമ നഷ്ടപ്പെട്ടു... രാജത്വം പൊയ്പ്പോയി...അങ്ങനെ എല്ലാമെല്ലാം ഇല്ലാതെയായി.

അങ്ങനെ നന്നായി തുടങ്ങിയത്...ദുരന്തത്തിൽ അവസാനിക്കുന്നു... ഇന്ന് അനേകം വ്യക്തിജീവിതങ്ങളും ഇത്തരത്തിൽ നഷ്ടപ്പെട്ടു പോകുന്നുണ്ട്. സ്വയം ശോധന ചെയ്ത് പാതകൾ നേരെയാക്കേണ്ട സമയത്ത് അത് ചെയ്തില്ലെങ്കിൽ ശൗലുമാരുടെ എണ്ണത്തിലേക്ക് ചേർക്കപ്പെടുവാൻ സാധ്യതയുണ്ട്.

പരാമർശം :
ഗലാത്യർ 3:3

നിങ്ങൾ ഇത്ര ബുദ്ധികെട്ടവരോ? ആത്മാവുകൊണ്ടു ആരംഭിച്ചിട്ടു ഇപ്പോൾ ജഡംകൊണ്ടോ സമാപിക്കുന്നതു? ഇത്ര എല്ലാം വെറുതെ അനുഭവിച്ചുവോ?

ബ്രദർ ജോബി ജെയിംസ് ചങ്ങനാശ്ശേരി 005